കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് - ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിന് സബ്സിഡി തുക കൈമാറാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.831/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 27.03.2018

വായന :- 1. കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 08.02.2018-ലെ A2-681/17-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ തീരുമാനം നം. 4.7

ഉത്തരവ്

ഓട്ടോറിക്ഷ വാങ്ങി നൽകുന്നതിന് പഞ്ചായത്ത് 2017-18 -ൽ പ്രോജക്ട് നടപ്പാക്കുന്നുണ്ടെന്നും മാർഗ്ഗരേഖ പ്രകാരം സബ്സിഡി തുക അനുവദിക്കേണ്ടത് വായ്പ നൽകുന്ന ബാങ്കിലേയ്ക്കാണെന്നും എന്നാൽ ചിലർക്ക് വായ്പ നൽകിയത് സ്വകാര്യ സ്ഥാപനങ്ങളാണെന്നും ഈ സ്ഥാപനത്തിലേയ്ക്ക് സബ്സിഡി തുക കൈമാറാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2)05.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.7 നമ്പർ തീരുമാനപ്രകാരം അംഗീകൃത സ്വകാര്യ സ്ഥാപനമാണെങ്കിൽ സബ്സിഡി തുക കൈമാറാൻ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പ്രസിഡണ്ട്, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ